# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4646** **25.06.2019-ൽ മറുപടിയ്ക്ക്**

## മത്സ്യകേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യകേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | എ) കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി വ്യാപകമാക്കുന്നതിന് 2008-12 കാലയളവിൽ മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയിരുന്നു. ടി വർഷങ്ങളിൽ കർഷക പങ്കാളിത്തത്തോടെ കേരളത്തിലെ ജലകൃഷിയ്ക്ക് അനുയോജ്യമായ 10000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിലും ജലകൃഷി വികസിപ്പിക്കുക എന്നതായിരുന്നു മത്സ്യകേരളം പദ്ധതിയുടെ ലക്ഷ്യം. കർഷക പങ്കാളിത്തത്തോടെ ജലകൃഷി വികസിപ്പിച്ച്, കട്‌ല, രോഹു, മൃഗാൽ എന്നീ മത്സ്യങ്ങൾക്കു പുറമേ വൈവിധ്യവൽക്കരണത്തിലൂടെ അനുയോജ്യമായ മുഴുവൻ ഇന മത്സ്യങ്ങളും ആറ്റുകൊഞ്ചും കരിമീനും കാളാഞ്ചിയും ജലകൃഷിയ്ക്കനുയോജ്യമായ മറ്റിനങ്ങളും കൃഷിയ്ക്കുപയോഗിച്ചിരുന്നു. ഇതിനാവശ്യമായ ബോധവത്ക്കരണവും മറ്റ് പ്രവർത്തനങ്ങളും കർഷക ക്ലബുകളുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിരുന്നു.<br>ശുദ്ധജലമത്സ്യകൃഷി, നെൽപ്പാടങ്ങളിലെ മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, അലങ്കാര മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ, മത്സ്യവിത്ത് പരിപാലന യൂണിറ്റുകൾ, മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ, മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ, കൊതുക് (കൂത്താടി) നിർമ്മാർജ്ജന മത്സ്യവളർത്തൽ, ക്വാളിറ്റി കൺട്രോൾ ലാബുകൾ, നദികളിലെയും |

അഴിമുഖങ്ങളിലെയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ, പഞ്ചായത്ത് തല മാതൃകാ മത്സ്യകുള നിർമ്മാണം, ചെമ്മീൻകൃഷി, കക്ക, ഞണ്ട്, കൂടുകളിൽ മത്സ്യം വളർത്തൽ പദ്ധതി, കക്ക ശുദ്ധീകരണശാലകൾ, മത്സ്യ കർഷകർക്ക് വിദഗ്ദ്ധ പരിശീലനം, വിപണന സൗകര്യങ്ങൾ, ഗ്രാമതല മത്സ്യകർഷക ക്ലബുകൾ മുതലായ ഘടകങ്ങളാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കിയത്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി പുനരാവിഷ്കരിക്കുന്നതിനും ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | ബി) | മത്സ്യകേരളം പദ്ധതിയുടെ തുടർ പദ്ധതി എന്ന നിലയിൽ 2012-15 വർഷത്തിൽ സർക്കാർ ഫിഷറീസ് വകുപ്പ് വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി-I പദ്ധതി. 2015-17 വരെയുള്ള കാലയളവിൽ മത്സ്യ സമൃദ്ധി-II പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. തുടർന്ന് ഉൾനാടൻ മത്സ്യബന്ധന മേഖലയുടെയും മത്സ്യകൃഷി മേഖലയുടെയും വികസനത്തിനായി ജനകീയമത്സ്യകൃഷി പദ്ധതി II 2017-18 മുതൽ നടപ്പിലാക്കി വരുന്നു. 2019-20 വർഷം ഉൾനാടൻ മത്സ്യമേഖലാ വികസനത്തിനായി പദ്ധതിയിൽ 109.05 കോടി രൂപ വകയിരുത്തിയിരിക്കുന്നു. |

ജനകീയ പങ്കാളിത്തത്തോടു കൂടി മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം കൂട്ടുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയ മത്സ്യകൃഷി പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്നത്. അതിനായി 74.2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും ഗുണമേന്മയുള്ള വിത്തുകൾ, ശാസ്ത്രീയ മത്സ്യകൃഷി രീതികൾ എന്നിവ അവലംബിച്ചും കൂടുതൽ പ്രദേശങ്ങളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിച്ചും മത്സ്യകൃഷിയിലുടെയുള്ള മത്സ്യോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുക എന്നതാണ്

ലക്ഷ്യമിടുന്നത്. കാർപ്പ് മത്സ്യകൃഷിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, കുട്ടനാട്, കോൾ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി രീതി വഴി സുസ്ഥിര വികസനവും ഉല്പാദന വർദ്ധനവും ഉറപ്പുവരുത്തൽ, കായലുകളിൽ കരിമീൻ, കാളാഞ്ചി തുടങ്ങിയ ഓരു ജല മത്സ്യങ്ങളുടെ കേജ് ഫാമിംഗ് വ്യാപിപ്പിക്കൽ, ആസാംവാള, നൈൽ തിലാപ്പിയ, വരാൽ, നാടൻമുഷി എന്നീ മത്സ്യങ്ങളുടെ കൃഷി ശുദ്ധജല കുളങ്ങളിൽ വ്യാപിപ്പിക്കൽ, പൂമീൻ, തിരുത, കരിമീൻ എന്നീ മത്സ്യങ്ങളുടെ കൃഷി ഓരുജലകുളങ്ങളിൽ വ്യാപിപ്പിക്കൽ, റീസർക്കുലേറ്ററി അക്വാകൾച്ചർ രീതി വ്യാപിപ്പിക്കൽ(RAS), കക്ക, ചിപ്പി എന്നിവയുടെ കൃഷി നടപ്പാക്കൽ, റിസർവോയറുകളിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കൽ, അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കൽ, മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗനിവാരണത്തിനും നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിലെ പ്രധാന ഘടകങ്ങൾ.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 1205.86 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുവേണ്ടിയുള്ള സഹായ സേവനങ്ങളായ മത്സ്യത്തീറ്റ ഫാക്ടറികൾ, ഡെമോൺസ്ട്രേഷൻ ഫാമുകൾ, അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 7 കോടി രൂപ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്ന ഘടകമാണ് സാങ്കേതിക പിന്തുണയുടെ കുറവും മേൽനോട്ടവും ഇവ പരിഹരിക്കുന്നതിനായി ആവശ്യമായ സാങ്കേതിക വിഭാഗം

ജീവനക്കാരുടെ തസ്തികകൾ താല്ക്കാലികമായി സൃഷ്ടിച്ച് ഉൾനാടൻ മത്സ്യമേഖലയിൽ 16 മത്സ്യഭവനുകൾ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചുവടെ കാണുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(1). കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ "സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ" മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ ഗ്രൂപ്പുകൾ മുഖേന സ്ഥാപിക്കുന്നതിന്.

(2). വേമ്പനാട് കായലിന്റെ വിവിധ ഭാഗങ്ങളിൽ "കറുത്ത കക്ക സംരക്ഷിത പ്രദേശങ്ങൾ" കക്ക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്നതിന്.

(3). അഷ്ടമുടി കായലിൽ "മഞ്ഞ കക്ക സംരക്ഷിത പ്രദേശങ്ങൾ" സ്ഥാപിക്കുന്നതിന്.

(4). അനുയോജ്യമായ കായലിൻതീരത്ത് കണ്ടൽ ചെടികൾ സമീപവാസികളുടെ ഗ്രൂപ്പുകൾ മുഖേന നട്ടു പിടിപ്പിക്കുന്നതിന്.

(5). പ്രജനന ദേശാടനത്തിൽ ഏർപ്പെടുന്ന പൊരുന്ന മത്സ്യങ്ങളെ (brood fishes) നശിപ്പിക്കുന്നതിനാൽ കായലിന്റെ അഴിമുഖത്ത് നിലവിലുള്ള ഊന്നിവലകൾക്ക് നഷ്ടപരിഹാരം നൽകി ഒഴിവാക്കുന്നതിന്.

(6). വേലിയേറ്റ സമയത്ത് ഊന്നിവലയുടെയും ചീനവലയുടെയും പ്രവർത്തനം കർശനമായി നിയന്ത്രിക്കുന്നതിന്.

(7). ചെറിയ കണ്ണിയുള്ള ഒഴുക്കു വലകൾക്കു പകരമായി വലിയ കണ്ണിയുള്ള വലകൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകുന്നതിന്.

(8). മത്സ്യസംരക്ഷണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന്.

(9). മത്സ്യോല്പാദനവും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റാഞ്ചിംഗ് പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിന്.

(10). നിയമ വിരുദ്ധ മത്സ്യ ബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന്.

(11). മത്സ്യവിത്തിന്റെ വലിപ്പത്തിലും ഗുണമേന്മയിലും അളവിലും മികവ് വരുത്തുന്നതിന്.

(12). തൃശ്ശൂർ ജില്ലയിലെ പീച്ചി, അഴീക്കോട്, എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട്, കോട്ടയം ജില്ലയിലെ പള്ളം എന്നീ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളുടെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്.

**സെക്ഷൻ ആഫീസർ**